**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1489** **19-01-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാർ പാസ്സാക്കിയ കാർഷിക നിയമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനിൽ അക്കര | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ പാസ്സാക്കിയ മൂന്ന് കാർഷിക നിയമങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. കോവിഡ് വ്യാപനവും പ്രകൃതിക്ഷോഭങ്ങളും രാജ്യത്തിന്റെ സാമ്പത്തിക തകർച്ചയും മൂലം കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കാർഷിക രംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ മൂന്ന് നിയമങ്ങൾ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസാക്കിയിട്ടുള്ളത്. ഇതിനെ തുടർന്ന് ഭക്ഷ്യ ധാന്യങ്ങൾക്ക് നിലവിലുള്ള താങ്ങുവില പോലും നഷ്ടപ്പെടുമോ എന്ന ഭയാശങ്കയാണ് കർഷകരെ അലട്ടുന്നത്. കർഷകരുടെ വിലപേശൽ ശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്കു മുന്നിൽ വളരെ ദുർബലമാവും എന്നതാണ് ഇതിൽ ഉയരുന്ന ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലുണ്ടെന്ന് തോന്നുമെങ്കിലും കോർപ്പറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷി കർഷകർക്കില്ല എന്നുള്ള കാര്യം പരിഗണിക്കേണ്ടതുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അവകാശം വൻകിട സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം വിട്ടു നൽകുന്നത് കർഷകർക്ക് ന്യായവില ലഭ്യമാക്കുന്ന ഉത്തരവാദിത്തത്തിൽ നിന്നും കേന്ദ്രസർക്കാർ ഒഴിഞ്ഞു പോകുന്നു എന്ന പ്രതീതി ഉണ്ടാക്കുകയും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും ഭക്ഷ്യ വിതരണത്തെ ഗണ്യമായ രീതിയിൽ തടസ്സപ്പെടുത്തുകയും ചെയ്യും.അവശ്യ സാധന നിയമത്തിലെ വ്യവസ്ഥകൾ ലഘൂകരിക്കുമ്പോൾ സ്ഥിതി കൂടുതൽ വഷളാകാനിടയാകും. |
| (ബി) | എങ്കിൽ സംസ്ഥാനത്തെ കർഷകരുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി കേന്ദ്രനിയമങ്ങളിൽ ഉൾക്കൊള്ളുന്ന വ്യവസ്ഥകൾ | (ബി) | ഉണ്ട്. കോവിഡ് വ്യാപനവും പ്രകൃതിക്ഷോഭങ്ങളും രാജ്യത്തിന്റെ സാമ്പത്തിക തകർച്ചയും മൂലം കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കാർഷിക രംഗത്ത് വലിയ |

| | | | |
|---|---|---|---|
| | എന്തൊക്കെയാണെന്ന് വ്യക്തമായിട്ടുണ്ടെന്ന് അറിയിക്കുമോ; | | പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ മൂന്ന് നിയമങ്ങൾ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസാക്കിയിട്ടുള്ളത്. ഇതിനെ തുടർന്ന് ഭക്ഷ്യ ധാന്യങ്ങൾക്ക് നിലവിലുള്ള താങ്ങുവില പോലും നഷ്ടപ്പെടുമോ എന്ന ഭയാശങ്കയാണ് കർഷകരെ അലട്ടുന്നത്. കർഷകരുടെ വിലപേശൽ ശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്കു മുന്നിൽ വളരെ ദുർബലമാവും എന്നതാണ് ഇതിൽ ഉയരുന്ന ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലുണ്ടെന്ന് തോന്നുമെങ്കിലും കോർപ്പറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷി കർഷകർക്കില്ല എന്നുള്ള കാര്യം പരിഗണിക്കേണ്ടതുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അവകാശം വൻകിട സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം വിട്ടു നൽകുന്നത് കർഷകർക്ക് ന്യായവില ലഭ്യമാക്കുന്ന ഉത്തരവാദിത്തത്തിൽ നിന്നും കേന്ദ്രസർക്കാർ ഒഴിഞ്ഞു പോകുന്നു എന്ന പ്രതീതി ഉണ്ടാക്കുകയും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും ഭക്ഷ്യ വിതരണത്തെ ഗണ്യമായ രീതിയിൽ തടസ്സപ്പെടുത്തുകയും ചെയ്യും. അവശ്യ സാധന നിയമത്തിലെ വ്യവസ്ഥകൾ ലഘൂകരിക്കുമ്പോൾ സ്ഥിതി കൂടുതൽ വഷളാകാനിടയാകും. |
| (സി) | സംസ്ഥാനത്തെ കർഷകർക്ക് പ്രയോജനപ്രദമായ വ്യവസ്ഥകൾ എന്തെങ്കിലും ആ നിയമങ്ങളിൽ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | കർഷകരുടെ താൽപ്പര്യങ്ങളെ എല്ലാ വിധത്തിലും പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകളാണ് പുതിയ കേന്ദ്ര നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. പുതിയ കർഷക നിയമവുമായി ബന്ധപ്പെട്ട് കൂടുതൽ വിഷയങ്ങളിൽ പഠനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ